REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഡൽഹി ചുവപ്പുകോട്ടയ്ക്ക് സമീപമുണ്ടായ ഭീകരാക്രമണത്തിലെ ജീവനാശത്തിൽ അതീവദുഃഖം രേഖപ്പെടുത്തുന്ന പ്രമേയം കേന്ദ്രമന്ത്രിസഭ പാസാക്കി.**
- **ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ.**
- **രണ്ടാം ഘട്ട തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിൽ ഇതുവരെ 37 കോടിയിൽ പരം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.**
- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാളെ വിജ്ഞാപനം പുറപ്പെടുവിക്കും.**
- **ന്യൂഡൽഹിയിൽ കാഴ്ചപരിമിതരുടെ വനിതാ 20-20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ത്യയ്ക്ക് വിജയം.**

## വാർത്തകൾ വിശദമായി

ഡൽഹി ചുവപ്പുകോട്ടയ്ക്ക് സമീപമുണ്ടായ ഭീകരാക്രമണത്തിലെ ജീവനാശത്തിൽ അതീവദുഃഖം രേഖപ്പെടുത്തുന്ന പ്രമേയം കേന്ദ്രമന്ത്രിസഭ പാസാക്കി. ജീവൻ നഷ്ടപ്പെട്ടവർക്കായി മന്ത്രിസഭായോഗം രണ്ട് മിനിറ്റ് മൗനം ആചരിച്ചു. ഭീകരതയെ ഒരു തരത്തിലും അംഗീകരിക്കാനാവില്ലെന്നും പൗരന്മാരുടെ ജീവനും ക്ഷേമത്തിനും സംരക്ഷണമൊരുക്കാൻ ഗവൺമെന്റ് ദൃഢനിശ്ചയം എടുത്തിട്ടുണ്ടെന്നും മന്ത്രിസഭായോഗം പ്രമേയത്തിൽ അറിയിച്ചു. ദേശീയ സുരക്ഷയും പൗര സുരക്ഷയും ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതി ബദ്ധമാണെന്നും പ്രമേയം വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്.........

ഭീകരപ്രവർത്തനങ്ങളോട് സഹിഷ്ണുത പുലർത്തില്ലെന്ന ഇന്ത്യയുടെ പ്രതിബദ്ധത പ്രമേയം ആവർത്തിച്ച് വ്യക്തമാക്കിയതായി ന്യൂഡൽഹിയിൽ മന്ത്രിസഭാ തീരുമാനങ്ങളറിയിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നിർണായക സമയത്ത് സുരക്ഷാ ഏജൻസികളും അധികൃതരും ജനങ്ങളും സമയോചിതമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചതായി അദ്ദേഹം വിലയിരുത്തി. സ്ഫോടന സംഭവത്തിലെ അന്വേഷണം ഏറ്റവും അടിയന്തരമായും സൂക്ഷ്മമമായും നടത്തണമെന്ന് മന്ത്രിസഭായോഗം നിർദേശിച്ചു. സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരേയും പ്രേരണ നൽകിയവരേയും പ്രയോക്താക്കളേയും കാലതാമസമില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും യോഗം ആവശ്യപ്പെട്ടു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ബോട്സ്വാന സന്ദർശനം ഇന്ന് പൂർത്തിയാകും. പ്രോജക്ട് ചീറ്റയ്ക്ക് കീഴിൽ ബോട്സ്വാന ഇന്ത്യക്ക് എട്ട് ചീറ്റപുലി കളെ ഇന്ന് കൈമാറും. ഇന്നലെ ഉഭയകക്ഷി ചർച്ചകൾക്ക് ശേഷം രാഷ്ട്രപതി ദ്രൗപതി മുർമുവും ബോട്സ്വാന പ്രസിഡന്റ് ഡുമ ബോക്കോയും സംയുക്ത വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. സന്ദർശനം അവസാനിപ്പിക്കും മുമ്പ് ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കും.

✪✪✪

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. 38 ജില്ലകളിൽ 46 കേന്ദ്രങ്ങളിലായിരിക്കും വോട്ടെണ്ണൽ. രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, VVപാറ്റുകളും ത്രിതല സുരക്ഷയിലാണ് സൂക്ഷിച്ചിരിക്കുന്നത്. CCTV നിരീക്ഷണവും സ്ട്രോംങ്റൂമുകൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

ബിഹാറിലെ രണ്ടാം ഘട്ട തെരഞ്ഞെടുപ്പിൽ ഒരിടത്തുപോലും റീപോളിംഗ് ശിപാർശ ചെയ്തിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അക്രമങ്ങളോ സംഘർഷങ്ങളോ ഈ ഘട്ടത്തിലുണ്ടായില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. ബിഹാറിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രത്തോളം പ്രശ്നരഹിതമായി തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതെന്നാണ് വിലയിരുത്തൽ.

✪✪✪

ദേശീയഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം രാജ്യം ആഘോഷിക്കുകയാണ്. തലമുറകളെ ഐക്യത്തിലേക്കും വളർച്ചയിലേക്കും നയിക്കാൻ പ്രചോദനമായ വന്ദേമാതരം ഇന്ത്യയെന്ന വികാരം ഓരോ വ്യക്തിയിലും ജ്വലിപ്പിച്ചു. വന്ദേമാതരം സ്വാതന്ത്ര്യസമരത്തിന് നൽകിയ ഊർജ്ജവും കാല-ദേശാതീതമായ രാജ്യസ്നേഹവും സംബന്ധിച്ച് ആകാശവാണി തയ്യാറാക്കിയ റിപ്പോർട്ട്.

...... വോയ്സ്......

വന്ദേമാതരം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ശബ്ദം മാത്രമായിരുന്നില്ല - നിറവും പ്രതീകവും കൂടിയായിരുന്നു. ദേശീയ പതാകയുടെ ആദ്യകാല രൂപങ്ങളിൽ പലതിലും വന്ദേമാതരം രേഖപ്പെടുത്തിയിരുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യദാഹത്തിന്റെയും സ്വപ്നങ്ങളുടേയും ദൃഢനിശ്ചയത്തിന്റെയും പ്രതിഫലനമായിരുന്നു അത്.

1904ൽ സിസ്റ്റർ നിവേദിത രൂപകല്പന ചെയ്ത വജ്രപതാകയിൽ ബന്ദേമാതരം എന്ന് ബംഗാളി ലിപികളിൽ ആലേഖനം ചെയ്തിരുന്നു. കോൺഗ്രസിന്റെ സമ്മേളനങ്ങളിലും റാലികളിലും , ബംഗാൾ വിഭജന കാലത്തും ചെറുത്തുനില്പിന്റെ പ്രതീകമായി വജ്രപതാക മാറി. 1906ലെ കൽക്കത്ത കോൺഗ്രസിലും പതാക അഭിമാനപൂർവം പ്രദർശിപ്പിച്ചു.

1906 ഓഗസ്റ്റ് ഏഴിന് രാജ്യവ്യാപകമായി അംഗീകാരം ലഭിച്ച മറ്റൊരു പതാകയിൽ വന്ദേമാതരം ദേവനാഗിരി ലിപികളിൽ ആലേഖനം ചെയ്തിരുന്നു. സജീന്ദ്രനാഥ് ബോസും, സുകുമാർ മിത്രയും ചേർന്ന് തയ്യാറാക്കിയ പതാക കൽക്കത്തയിലെ പാഴ്സി ബഗാനിലാണ് ഉയർത്തിയത്. കൽക്കട്ട പതാക എന്നറിയപ്പെട്ട ഇതിൽ പരിഷ്കരണങ്ങൾ പലതുണ്ടായെങ്കിലും വന്ദേമാതരം എന്ന വാക്കിന് മാത്രം മാറ്റം ഉണ്ടായില്ല. ഇന്ത്യയുടെ ഐക്യത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമായി അത് മാറി. 1906 ൽ ബിപിൻ ചന്ദ്രപാൽ ബന്ദേമാതരം എന്ന പത്രം പ്രസിദ്ധീകരിക്കുകയും അരബിന്ദോയെ അതിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇരുവരും പത്രത്തിലൂടെ ജനങ്ങളിൽ സ്വതാന്ത്ര്യാവേശം നിറക്കുകയും പ്രവർത്തനങ്ങളിലേക്ക് നയിക്കുകയും ചെയ്തു. ഇതോടെ, വന്ദേമാതരം മുദ്രാവാക്യത്തിനപ്പുറം ചിന്താധാരയും ധീരതയും ദേശീയാഭിമാനവും ആയി മാറി.

✪✪✪

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഈമാസം നാലിന് ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ഇതുവരെ 37 കോടിയിൽ പരം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ ഘട്ടത്തിലെ 51 കോടിയോളം വോട്ടർമാരുടെ 70 ശതമാനമാണിത്.

ഉത്തർപ്രദേശിൽ മാത്രം 11 കോടിയോളം ഫോമുകൾ കൈമാറി. കേരളമടക്കം ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ടത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കുന്നത്.

കേരളത്തിൽ ഇന്നലെ വൈകിട്ടോടെ പകുതിയിലേറെ വോട്ടർമാരുടെ കൈയ്യിലും എന്യൂമറേഷൻ ഫോം എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഒരു കോടി 53 ലക്ഷത്തോളം ഫോമുകൾ ഇതിനകം വിതരണം ചെയ്തു.

✪✪✪

ആദിവാസി സമൂഹങ്ങൾ പ്രകൃതി സമ്പത്തിന്റെയും അറിവിന്റെയും സംരക്ഷകരാണെന്ന് കേന്ദ്ര മന്ത്രി ജുവൽ ഒറാം പറഞ്ഞു. ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ചേർന്ന ട്രൈബൽ ബിസിനസ് കോൺക്ലേവിന്റെ സമാപന സെഷനിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

✪✪✪

ഇന്ത്യയിലെ ക്ഷയ രോഗ നിരക്ക് 21 ശതമാനം കുറഞ്ഞതായി ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ ആഗോള റിപ്പോർട്ടിൽ അറിയിച്ചു. രാജ്യത്ത് 2015 ൽ ഒരു ലക്ഷം പേരിൽ 237 ക്ഷയ രോഗികൾ ഉണ്ടായിരുന്നത് 2024 ൽ 187 ആയി കുറഞ്ഞു. രോഗികളെ കണ്ടെത്തുന്നതിലെ സമീപനം, രോഗനിർണയത്തിലും ചികിത്സയിലും നേടിയ പുരോഗതി എന്നിവയാണ് രോഗ നിരക്ക് കുറയാൻ കാരണമെന്ന് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാളെ വിജ്ഞാപനം പുറപ്പെടുവിക്കും. ഈ മാസം 21 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. 22 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തും. രണ്ടു ഘട്ടങ്ങളിലായി അടുത്തമാസം 9 നും, 11 നുമാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ.

✪✪✪

സംസ്ഥാനത്തെ മെഡിക്കൽ കോളജ് ഡോക്ടർമാർ ഇന്ന് OP ബഹിഷ്കരണ സമരം നടത്തും. അടിയന്തിര ചികിത്സ ഒഴികെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ ഡോക്ടർമാരുടെ സംഘടനയായ KGMCTA തീരുമാനിച്ചു. അടിയന്തരമല്ലാത്ത ശസ്ത്രക്രിയകൾ, ക്ലാസുകൾ, എന്നിവയിൽ ഡോക്ടർമാർ വിട്ട് നിൽക്കും.

KGMCTA ഉന്നയിച്ച ആവശ്യങ്ങളിൽ ഗവൺമെന്റിൽ നിന്ന് അനുകൂല നടപടിയുണ്ടാകാത്തതിൽ പ്രതിഷേധിച്ചാണ് പണിമുടക്ക്.

✪✪✪

ആലപ്പുഴ അരൂർ–തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ ഗർഡറുകൾ പിക്കപ്പ് വാഹനത്തിനു മുകളിൽ വീണ് ഒരാൾ മരിച്ചു. എരമല്ലൂരിൽ പുലർച്ചെ മൂന്നുമണിയോടെയാണ് അപകടം. പള്ളിപ്പാട് സ്വദേശി രാജേഷാണ് മരിച്ചത്. പുതിയ ഗർഡറുകൾ സ്ഥാപിക്കുന്നതിനിടെ നേരത്തെ സ്ഥാപിച്ച രണ്ടെണ്ണം തകർന്നു വീഴുകയായിരുന്നു.

അപകടത്തെ തുടർന്ന് ദേശീയപാതയിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

ശബരിമല സ്വർണക്കൊള്ളയിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നും ദേവസ്വം മന്ത്രി രാജിവയ്ക്കണമെന്നും ആവശ്യപ്പെട്ട് വൃശ്ചികം ഒന്നിന് കോൺഗ്രസ് വാർഡ് കമ്മിറ്റികൾ പ്രതിഷേധ ജ്യോതി തെളിയിക്കുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് തിരുവനന്തപുരത്ത് അറിയിച്ചു.

മന്ത്രി രാജിവയ്ക്കുന്നതുവരെയും എല്ലാ പ്രതികളും പിടിയിലാവുന്നതുവരെയും കോൺഗ്രസ് സമര പാതയിലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെയെങ്കിലും വോട്ടർ പട്ടികയുടെ തീവപരിശോധന നിർത്തിവയ്ക്കണമെന്നും സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

✪✪✪

ന്യൂഡൽഹിയിൽ കാഴ്ചപരിമിതരുടെ ആദ്യ വനിതാ 20-20 ലോകകപ്പ് ക്രിക്കറ്റിൽ, ആതിഥേയരായ ഇന്ത്യ ഓസ്ട്രേലിയയെ 209 റൺസിന് പരാജയപ്പെടുത്തി. 58 പന്തിൽ 91 റൺസ് നേടിയ ഇന്ത്യൻ ക്യാപ്റ്റൻ ദീപിക TC യാണ് പ്ലയെർ ഓഫ് ദ മാച്ച്. ടൂർണമെന്റിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ 10 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ട് മത്സര, ടെസ്റ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് ആദ്യ മത്സരം. രണ്ടാം ടെസ്റ്റ് ഈ മാസം 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

✪✪✪

സ്റ്റുഡന്റ് പൊലീസ് കേഡറ്റ് സംഘടിപ്പിച്ച സംസ്ഥാന തല പ്രശ്നോത്തരി വിസ്കിഡ് ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം റൂറൽ ഓവറോൾ ചാമ്പ്യന്മാരായി. ഹയർ സെക്കന്ററി വിഭാഗത്തിൽ മടവൂർ NSS സ്കൂൾ ടീമിനാണ് ഒന്നാം സ്ഥാനം. ഹൈസ്കൂൾ വിഭാഗത്തിൽ തോന്നക്കൽ ഗവൺമെന്റ് ഹയർസെക്കന്റഡറി സ്കൂളും ജേതാക്കളായി. സംസ്ഥാന പൊലീസ് മേധാവി രവദാ ചന്ദ്രശേഖർ വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

✪✪✪

ലഹരിക്കെതിരെ ഇടുക്കി ജില്ലാ പോലീസ് സംഘടിപ്പിച്ച ത്രിദിന മോട്ടോർസൈക്കിൾ റാലി ചെറുതോണിയിൽ സമാപിച്ചു. SPC, NCC , NSS കേഡറ്റുകളുടെ നേതൃത്വത്തിൽ റാലിക്ക് സ്വീകരണം നൽകി.

✪✪✪

മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ അഞ്ചാം പത്തിയായി മാറുകയാണെന്ന് മുതിർന്ന മാധ്യമപ്രവർത്തകൻ ശശികുമാർ കുറ്റപ്പെടുത്തി. കൊല്ലം പ്രസ് ക്ലബ്ബിൽ V ലക്ഷ്മണൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാർത്താ ചാനലുകളിലെ ചർച്ചകൾ ആർക്കും ഗുണം ചെയ്യാത്ത രീതിയിലേക്കാണ് മാറുന്നതെന്നും ശശികുമാർ വിലയിരുത്തി.

✪✪✪

കോഴിക്കോട്ട് IIMൽ ഗ്ലോബലൈസിംഗ് ഇന്ത്യൻ തോട്ട് അന്തർദേശീയ കോൺക്ലേവ് ആരംഭിച്ചു. ഉദ്ഘാടന ചടങ്ങിൽ പ്രൊഫസർ സഹസ്രബുദ്ധെ, വികാസ് സ്വരൂപ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. മൂന്ന് ദിവസത്തെ കോൺക്ലേവ് നാളെ സമാപിക്കും.

✪✪✪

12-ാമത് NN പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം നാളെ കാസർകോട് മാണിയാട്ട് ആരംഭിക്കും. ഈ മാസം 23 വരെ K കുഞ്ഞിരാമൻ സ്മാരക ഓപ്പൺ ഓഡിറ്റോറിയത്തിലാണ് നാടകമേള.

അഭിനയരംഗത്തെ സമഗ്രസംഭാവനക്ക് NN പിള്ള സ്മാരക പുരസ്കാരം നേടിയ നടി ഉർവശിക്കും, നാടകരംഗത്തെ സമഗ്ര സംഭാവനക്ക് പുരസ്കാരം നേടിയ KM ധർമ്മനും പരിപാടിയിൽ സമ്മാനിക്കും.

✪✪✪

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ആറുകൊല്ലത്തിലൊരിക്കൽ നടത്തുന്ന മുറജപം ഈ മാസം 20 ന് തുടങ്ങും. എട്ടുദിവസം ഏഴു മുറകളിലായി 56 ദിവസം നീളുന്നതാണ് മുറജപം.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സാലിം*
*DEO: സി കെ സുബോധ്*